TKD/FEST/QTN/01/2025

**ശ്രീ കൊട്ടിയൂർ ദേവസ്വം**
**P.O കൊട്ടിയൂർ - 670651, കണ്ണൂർ(ജില്ല)**
**വൈശാഖ മഹോത്സവം 2025 ലേലം/ക്വട്ടേഷൻ പരസ്യം**

ശ്രീ കൊട്ടിയൂർ മഹാക്ഷേത്രത്തിലെ 2025ാം ആണ്ടിലെ വൈശാഖ മഹോത്സവകാലത്തേക്കുള്ള അക്കര കൊട്ടിയൂരിലെ കയ്യാല കെട്ടിപുതയ്ക്കുന്ന പ്രവർത്തിക്കുള്ള ലേലം/ക്വട്ടേഷൻ നടപടി **08/04/2025** ാം തീയ്യതി ചൊവ്വാഴ്ച രാവിലെ 11 മണി മുതൽ ദേവസ്വം ഓഫീസിൽ ആരംഭിക്കുന്നതാണ്. കൂടാതെ മഹോത്സവകാലത്തേ ക്കാവശ്യമായ പലവ്യഞ്ജനങ്ങൾ, പശുവിൻ നെയ്യ്, എള്ളെണ്ണ, വാഴ ഇല, പച്ചക്കറികൾ, ബട്ടർ പേപ്പർ, പ്ലാസ്റ്റിക് കണ്ടെയ്നറുകൾ എന്നിവയുടെ സപ്ലേ, ലൈറ്റ് ആൻഡ് സൗണ്ട് അറേൻജ്മെൻറ്, കെട്ടിടങ്ങളുടെ വൈറ്റ്വാഷ് പെയിൻറിംഗ് പ്രവർത്തി, താൽക്കാലിക തടയണകളുടെ നിർമ്മാണം മുതലായവക്കും, ക്ഷേത്ര പരിസരത്ത് CCTV സജ്ജീകരിക്കുന്നതിനും, 2 ആനകൾക്കുള്ള പാട്ടത്തിനുള്ള ക്വട്ടേഷനുകളും, ദേവസ്വം സപ്ലേ ചെയ്യുന്ന സാധനങ്ങൾ ഉപയോഗിച്ച് നെയ്യ്പായസം ഉണ്ടാക്കി 180 എം.എൽ കണ്ടെയ്നറുകളിൽ നിറച്ച് സീൽ ചെയ്ത് തരുന്നതിനായിട്ടുള്ള കണ്ടെയ്നറുകളുടെ വില അടക്കമുള്ള പ്രതിഫലത്തിനുള്ള ക്വട്ടേഷനും, ദേവസ്വം സപ്ലേ ചെയ്യുന്ന സാധനങ്ങൾ ഉപയോഗിച്ച് തിരുവപ്പം ഉണ്ടാക്കിതരുന്നതിനുള്ള ക്വട്ടേഷനും നിവേദ്യ സാധനങ്ങൾ തിടപ്പള്ളിയിൽ വെച്ച് ഉണ്ടാക്കിതരുന്നതിനും ചന്ദനം അരച്ച് തരുന്നതിനും കൂലിചെലവിനായിട്ടുള്ള ക്വട്ടേഷനുകൾ തിടപ്പള്ളിയിൽ കയറാൻ അർഹതയുള്ള ബ്രാഹ്മണരിൽ നിന്നും **08/04/2025**ന് രാവിലെ 11 മണിവരെ ദേവസ്വം ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം രാവിലെ 11.30 ന് ഹാജരാകുന്നവരുടെ മുൻപാകെ തുറന്ന് പരിശോധിക്കുന്നതുമായിരിക്കും.

ശ്രീ കൊട്ടിയൂർ ദേവസ്വം സ്ഥലത്ത് താൽക്കാലിക ഷെഡുകൾ നിർമ്മിച്ച് ഉത്സവകാലത്ത് കച്ചവടം ചെയ്യുന്നതിനുള്ള അവകാശം, പാർക്കിംഗ് ഫീ പിരിച്ചെടുക്കുന്നതിനുള്ള അവകാശം എന്നിവയുടെ ലേലം/ക്വട്ടേഷൻ നടപടികൾ **09/04/2025**ാം തീയ്യതി ബുധനാഴ്ച രാവിലെ 10 മണി മുതൽ ദേവസ്വം ഓഫീസിൽ ആരംഭിക്കുന്നതാണ്. ലേല തുകയോടൊപ്പം 18% ജി.എസ്.ടി കൂടി അടയ്ക്കേണ്ടതാണ്. **09/04/2025** ന് നടക്കാത്ത സ്റ്റാളുകളുടെ ലേലം/ക്വട്ടേഷൻ നടപടി **16/04/2025**ാം തീയ്യതി രാവിലെ 10 മണി മുതൽ ആരംഭിക്കുന്നതുമാണ്. വൈശാഖ മഹോത്സവകാലത്തേക്കുള്ള താൽകാലിക ജീവനക്കാരുടെ അപേക്ഷ **25/04/2025** വരെ സ്വീകരിക്കുന്നതും അപേക്ഷകരുമായിട്ടുള്ള കൂടികാഴ്ച 10/05/2025ന് നടക്കുന്നതുമായിരിക്കും. വിശദവിവരങ്ങൾ ദേവസ്വം നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ക്വട്ടേഷനുകൾ മുൻകൂട്ടി സമർപ്പിക്കാവുന്നതാണ്.

Phone : 0490 2430234, 8848401723, **www.kottiyoordevaswom.com**

എന്ന്

കൽപനപ്രകാരം എക്സി. ഓഫീസർ (ഒപ്പ്)

കൊട്ടിയൂർ
17/03/2025

18/3/2025

EXECUTIVE OFFICER
SREE KOTTIYOOR DEVASWOM
P. O. KOTTIYOOR - 670 651